(ഡി) ഈ റോഡ് കടന്നുപോകുന്ന വനഭൂമി വിട്ടുതരണമെന്ന് കേരള സർക്കാർ അവസാനമായി ആവശ്യപ്പെട്ടത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പടിഞ്ഞാറത്തറ-പൂഴിത്തോട് റോഡിന്റെ കി.മീ. 0 മുതൽ 2/250 വരെ ഭാഗത്തിന്റെയും കി.മീ.21/000 മുതൽ 27/225 വരെ ഭാഗത്തിന്റെയും ടാറിംഗ് പണി കഴിഞ്ഞിട്ടുണ്ട്. ഇതിനിടയിൽ വരുന്ന വാരംവറ്റ പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു. കി.മീ. 2/250 മുതൽ 3/210 വരെയും 20 മുതൽ 21/00 വരെയുള്ള ഭാഗത്തിന്റെയും പണിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കി.മീ. 3/210 മുതൽ 20/00 വരെയുള്ള ഭാഗം വനംവകുപ്പിന്റെ കീഴിലായതിനാൽ ആ വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്.

(ബി-ഡി) വനഭൂമിയിലൂടെയുള്ള റോഡു നിർമ്മാണത്തിന് 1994 ഫെബ്രുവരിയിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി എഴുതിയിരുന്നെങ്കിലും ഇക്കാര്യത്തിൽ അനുമതി ലഭിച്ചിട്ടില്ല.

നിലമ്പൂർ-നായാടം പൊയിൽ റോഡ്

73 (1383) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ-നായാടംപൊയിൽ റോഡ് ടെണ്ടർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റോഡിലെ ചുരക്കണ്ടിയിൽ കുറുമം പുഴയ്ക്ക് ഒരു പാലത്തിനുള്ള പ്രൊവിഷൻ ഇല്ലാത്തതുകൊണ്ട് റോഡിന്റെ പൂർണ്ണമായ പ്രയോജനം ലഭിക്കില്ല എന്നത് പരിഗണിച്ച് ഒരു പാലത്തിനുള്ള പ്രൊവിഷൻ കൂടി ഇതിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലം പണിയുന്നതിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മേപ്പാടി-നിലമ്പൂർ-റോഡ് ഗവൺമെന്റ് ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടി

74 (1384) ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മേപ്പാടി-നിലമ്പൂർ-റോഡ് ഗവൺമെന്റ് ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വനം വകുപ്പുമന്ത്രിമാരും ബന്ധപ്പെട്ട എം.എൽ.എ.മാരും ഉദ്യോഗസ്ഥൻമാരും അടങ്ങിയ യോഗം തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ റോഡ് ഏറ്റെടുക്കുന്നതിന് നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2001-2002, 2002-2003 വർഷങ്ങളിൽ ബഡ്ജറ്റിൽ പ്രസ്തുത റോഡിന് എത്ര തുക വീതമാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇത് സംബന്ധിച്ച് 1-8-2002-ൽ ചേർന്ന പൊതുമരാമത്ത് വകുപ്പുമന്ത്രിയും വനം വകുപ്പുമന്ത്രിയും അടങ്ങിയ യോഗതീരുമാനപ്രകാരം വനംവകുപ്പിന്റെ പരിധിയിൽ വരാത്തറോഡ് ഭാഗത്തിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പ് നടത്താൻ ധാരണയുണ്ടായതനുസരിച്ച് ഇക്കാര്യത്തിൽ മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2001-2002 ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 2002-2003-ൽ 10 ലക്ഷം രൂപയും 2003-2004-ൽ 5 ലക്ഷം രൂപയും ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ വെള്ളുവാപ്പുറം-മുട്ടിക്കടവ് റോഡ്

75 (1385) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ വെള്ളുവാപ്പുറം-മുട്ടിക്കടവ് റോഡ് ടെണ്ടർ ചെയ്ത് വർക്ക് അറേഞ്ച് ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡ് സ്റ്റേറ്റ് ബോർഡറിൽ എത്തുന്നതിന് എത്ര കീലോമീറ്റർ കൂടി വർക്ക് അറേഞ്ച് ചെയ്യണം എന്ന് വ്യക്തമാക്കുമോ ;

(സി) മുട്ടിക്കടവിൽ നിന്ന് ഗട്ട് റോഡ് തുടങ്ങുന്നതുവരെയുള്ള 15 കിലോമീറ്റർ എങ്കിലും അടിയന്തിരമായി പണി തുടങ്ങുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 25 കി.മീ.

(സി) പ്രസ്തുത ഭാഗം വില്ലേജ് റോഡായതിനാൽ ഇതിന്റെ പണി ചെയ്യേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്.

ഗതാഗതതടസ്സത്തിന് കാരണമാവുന്ന ഇലക്ട്രിക് പോസ്റ്റുകളും ടെലിഫോൺ പോസ്റ്റുകളും നീക്കം ചെയ്യുവാൻ നടപടി

76 (1386) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി ടൗണിൽ മേലെ പട്ടാമ്പി മുതൽ നിളാ ഹോസ്പിറ്റൽ വരെയും ഹൈസ്കൂൾ മുതൽ നിളാ ഹോസ്പിറ്റൽ വരെയും പി.ഡബ്ല്യൂ.ഡി.

LIBRARY ARCHIVES Kerala Legislative Assembly